# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 18 | |
|---|---|
| January 18 | 2020 |

1193 മകരം 4 ശനി

# പത്രക്കുറിപ്പ് -1

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ 0468-2222657

**പൾസ് പോളിയോ; ജില്ലാതല ഉദ്ഘാടനം ഇന്ന് (19) കോന്നിയിൽ;**
**ജില്ലയിൽ 71,622 കുട്ടികൾക്ക് വാക്സിൻ നൽകും**

ദേശീയ പോളിയോ നിർമാർജനത്തിന്റെ ഭാഗമായി ഇന്ന്(19) നടക്കുന്ന പൾസ് പോളിയോ പരിപാടി ജില്ലാതല ഉദ്ഘാടനം അഡ്വ.കെ.യു ജനീഷ് കുമാർ കോന്നി എം.എൽ.എ നിർവഹിക്കും. കോന്നി താലൂക്ക് ആശുപത്രിയിൽ രാവിലെ എട്ടിന് നടക്കുന്ന ചടങ്ങിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ അധ്യക്ഷത വഹിക്കും.

ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സജ്ജീകരിച്ചിട്ടുള്ള 973 പോളിയോ ബൂത്തുകളിൽ നിന്നും അഞ്ചുവയസു വരെ പ്രായമുള്ള കുട്ടികൾക്കുള്ള വാക്സിൻ നൽകും. ഇതിനാവശ്യമായ വാക്സിനുകൾ, ടാലി ഷീറ്റുകൾ, മറ്റ് അനുബന്ധ സാധനങ്ങൾ തുടങ്ങിയവ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും എത്തിച്ചിട്ടു ്. ര ായിരത്തോളം ബൂത്ത് വോള റിയർമാർക്ക് പരിശീലനം നൽകി കഴിഞ്ഞെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എ.എൽ ഷീജ പറഞ്ഞു.

ജില്ലയിൽ അഞ്ചു വയസുവരെ പ്രായമുള്ള 71,622 കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനാണു ലക്ഷ്യമിടുന്നത്. കൂടാതെ അതിഥി സംസ്ഥാന തൊഴിലാളികളുടെ 470 കുട്ടികൾക്കും വാക്സിൻ നൽകും. ജില്ലയിലെ അഞ്ചുവയസുവരെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ വാക്സിൻ ലഭിച്ചുവെന്ന് ഉറപ്പു വരുത്തണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അഭ്യർഥിച്ചു.

സർക്കാർ ആശുപത്രികൾ, സബ് സെന്ററുകൾ, തിരഞ്ഞെടുത്ത സ്വകാര്യ ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലാണു പോളിയോ ബൂത്തുകൾ പ്രവർത്തിക്കുന്നത്. ആദിവാസി മേഖലകൾ, എത്തിചേരാൻ പ്രയാസമുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കായി 11 മൊബൈൽ ബൂത്തുകളും സജ്ജീകരിച്ചിട്ടു ്.

പ്രധാനമായും കുഞ്ഞുങ്ങളെ ബാധിക്കുന്നതും അവരെ മരണത്തിലേക്കോ, സ്ഥിരമായ അംഗവൈകല്യത്തിലേക്കോ നയിക്കുന്നതുമായ ഒരു വൈറസ് രോഗമാണു പോളിയോ. ഇതിനു ഫലപ്രദമായ ചികിത്സയില്ല. പക്ഷേ 100 ശതമാനം ഫലപ്രദമായ പ്രതിരോധ ചികിത്സ ലഭ്യമാണ്. പോളിയോ തുള്ളി മരുന്നിനു പാർശ്വഫലങ്ങൾ ഒന്നും തന്നെയില്ല. നമ്മുടെ അയൽ രാജ്യങ്ങളായ പാകിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും പോളിയോ കേസുകൾ കൂടി വരുന്ന സാഹചര്യത്തിലാണ് ഇന്ത്യയിൽ ജനുവരി 19 ന് പൾസ് പോളിയോ പരിപാടി നടക്കുന്നത്.

(പിഎൻപി 305/2020)

## ജീവനി പദ്ധതിയെ സമൂഹം ഏറ്റെടുക്കണം: ചിറ്റയം ഗോപകുമാർ എം.എൽ.എ

ജീവനി പദ്ധതിയെ സമൂഹം ഏറ്റെടുക്കണമെന്നു ചിറ്റയം ഗോപകുമാർ എം.എൽ.എ പറഞ്ഞു. ജില്ലയിൽ ജീവനി പദ്ധതിയിൽ തയാറാക്കിയ പച്ചക്കറി തൈകളുടെ വിതരണ ഉദ്ഘാടനം പന്തളം കരിമ്പ് വിത്ത് ഉത്പാദന കേന്ദ്രത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. പന്തളം സർക്കിൾ ഇൻസ്പെക്ടർ ബിജുവിനു പച്ചക്കറി തൈകൾ നൽകിയാണു ചിറ്റയം ഗോപകുമാർ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചത്.

കേരളത്തെ കാർഷിക സ്വയം പര്യാപ്തമായി മാറ്റുന്നതിന്റെ ഭാഗമായാണു ജീവനി പദ്ധതി ഒരുക്കിയിട്ടുള്ളതെന്ന് ചിറ്റയം ഗോപകുമാർ എം.എൽ.എ പറഞ്ഞു. ജനുവരി ഒന്നു മുതൽ ഏപ്രിൽ 14 വരെയാണു ജീവനി പദ്ധതി പ്രവർത്തനം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ജീവനി പദ്ധതിയിലൂടെ വരും തലമുറയ്ക്ക് ആരോഗ്യകരമായ ഭക്ഷണം നൽകുക എന്നതാണു ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ അടിസ്ഥാനത്തിൽ കൃഷികൾ ആരംഭിക്കും. ര ാംഘട്ടമായി സർക്കാർ ഓഫീസുകളിലും കൃഷി ആരംഭിക്കും. ജീവനി പദ്ധതിയുടെ മൂന്നാം ഘട്ടം എല്ലാ വീടുകളിലും കൃഷി നടത്തുക എന്നതാണ്. തരിശുരഹിത പഞ്ചായത്തുകൾ ആയി മാറ്റാൻ ജീവനി കൊ ് സാധിക്കും. കൊടുമൺ റൈസ് എന്ന അരി വിപണിയിൽ ഇപ്പോൾ ലഭ്യമാണ്. പന്തളം റൈസ് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊ ിരിക്കുന്നു. 18 ലക്ഷം മെട്രിക് ടൺ പച്ചക്കറി ആണ് നമുക്ക് ആവശ്യം. 14 മെട്രിക് ടൺ കൃഷി നമുക്ക് ഉ ായിരുന്നതിൽ നിന്നും 16 മെട്രിക് ടൺ എന്ന നിലയിലേക്ക് ഉയർന്നിട്ടു ്. ജീവനി പദ്ധതിയെ നല്ല രീതിയിൽ മുന്നോട്ടു നയിക്കണമെന്നും എംഎൽഎ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ എലിസബത്ത് അബു അധ്യക്ഷത വഹിച്ചു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ മധു ജോർജ് മത്തായി, പന്തളം കൃഷി ഡെപ്യൂട്ടി ഡയറക്ടർ അനില മാത്യു, മറ്റു ഡെപ്യൂട്ടി ഡയറക്ടർമാരായ ചന്ദ്രശേഖരൻ, സാം മാത്യു, ആത്മ ഡെപ്യൂട്ടി ഡയറക്ടർ വിനോദ് മാമൻ, പന്തളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ജി. ജയപ്രകാശ്, പന്തളം ഫാം ഓഫീസർ എം.എസ് വിമൽകുമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

(പിഎൻപി 306/2020)

***ഫോട്ടോ അടിക്കുറിപ്പ്: ജീവനി:-*** ജില്ലയിൽ ജീവനി പദ്ധതിയിൽ തയാറാക്കിയ പച്ചക്കറി തൈകളുടെ വിതരണ ഉദ്ഘാടനം നിർവഹിച്ച് ചിറ്റയം ഗോപകുമാർ എം.എൽ.എ സംസാരിക്കുന്നു.

***ജീവനി 1:-*** പന്തളം കരിമ്പ് വിത്ത് ഉത്പാദന കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ജീവനി പദ്ധതിയിൽ തയാറാക്കിയ പച്ചക്കറി തൈകളുടെ വിതരണ ഉദ്ഘാടനം സർക്കിൾ ഇൻസ്പെക്ടർ ബിജുവിന് നൽകി ചിറ്റയം ഗോപകുമാർ എം.എൽ.എ നിർവഹിക്കുന്നു.

## അടൂർ നഗരസഭ ലൈഫ് ഗുണഭോക്താക്കളുടെ കുടുംബ സംഗമം ഇന്ന് (19)

അടൂർ നഗരസഭയുടെ കീഴിലെ ലൈഫ് ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും അടൂർ ഗവ യു.പി സ്കൂളിൽ ഇന്ന് (19) രാവിലെ 10ന് ചിറ്റയം ഗോപകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യും. ലൈഫ്, പി.എം.എ.വൈ ഗുണഭോക്താക്കൾക്കു കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനു വിവിധ സർക്കാർ വകുപ്പുകളുടെ സ്റ്റാളുകൾ കുടുംബസംഗമത്തോടൊപ്പമുള്ള അദാലത്തിൽ ഉ ാകും.

അടൂർ നഗരസഭാ ആക്ടിംഗ് ചെയർമാൻ ജി.പ്രസാദ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അടൂർ നഗരസഭാ സെക്രട്ടറി ആർ.കെ ദീപേഷ് റിപ്പോർട്ട് അവതരിപ്പിക്കും. നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ എൻ.ഡി രാധാകൃഷ്ണൻ, മറിയാമ്മ ജേക്കബ്, ടി.മധു, സൂസി ജോസഫ്, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സി.പി സുനിൽ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 307/2020)

## ലൈഫ് മിഷൻ കുടുംബസംഗമം ജില്ലാതല ഉദ്ഘാടനവും വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും നാളെ(20)

### 5000 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം മന്ത്രി കെ.രാജു നടത്തും

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് മിഷന്റെ ഒന്നും ര ും ഘട്ടത്തിന്റ ഭാഗമായി പൂർത്തീകരിച്ച വീടുകളുടെ പ്രഖ്യാപനവും ഗുണഭോക്തൃ പ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും സംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനം നാളെ(20) നടക്കും. പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ 11ന് നടക്കുന്ന ചടങ്ങിൽ ജില്ലാതല ഉദ്ഘാടനവും വീടുകളുടെ പൂർത്തികരണ പ്രഖ്യാപനവും വനം-ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ കെ.രാജു നിർവഹിക്കും.

കെ.യു ജനീഷ് കുമാർ എം.എൽ.എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും. ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്ക് എം.എൽ.എമാരായ മാത്യു ടി. തോമസും രാജു എബ്രഹാമും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ചിറ്റയം ഗോപകുമാർ എം.എൽ.എയും, ഉദ്യോഗസ്ഥർക്ക് വീണാ ജോർജ് എം.എൽ.എയും, നഗരസഭകൾക്ക് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ യു.വി ജോസും ഉപഹാരങ്ങൾ നൽകും. ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി നൂഹ്, തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ലൈഫ് മിഷന്റെ ഭാഗമായി ജില്ലയിൽ 5000 വീടുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിനിധികളും വിവധ രാഷ്ട്രിയ പാർട്ടി പ്രതിനിധികളും ഉൾപ്പടെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

(പിഎൻപി 308/2020)

## ദേശീയ സംസ്കൃത സെമിനാർ നടത്തി

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ സംസ്കൃത സെമിനാർ സംഘടിപ്പിച്ചു. തിരുവല്ല വി.ജി.എം ഹാളിൽ നടന്ന സെമിനാർ ആന്റോ ആന്റണി എം.പി ഉദ്ഘാടനം ചെയ്തു. അഡ്വ. മാത്യു ടി.തോമസ് എം.എൽ.എ അധ്യക്ഷത വഹിച്ചു. പടയനി ആചാര്യൻ കടമ്മനിട്ട വാസുദേവൻപിള്ള, ചലച്ചിത്ര സംവിധായകൻ ബ്ലെസ്സി എന്നിവർ മുഖ്യാതിഥികളായിരുന്നു. എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ.ജെ.പ്രസാദ് മുഖ്യപ്രഭാഷണം നടത്തി. തിരുവല്ല നഗരസഭാ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ, ആർ.എസ്. ഷിബു, ഡോ സുനീതാദേവി, എലിയാമ്മ തോമസ്, ബീനറാണി, ഡോ  സുനിൽ കോരോത്ത് എന്നിവർ സംസാരിച്ചു.

ദ്രാവിഡ ഭാഷകളിലെ സംസ്കൃത പ്രഭാവത്തെക്കുറിച്ച് ശൃംഗേരി രാഷ്ട്രീയ സംസ്കൃത ഡീംഡ് യൂണിവേഴ്സിറ്റിയിലെ ഡോ. രാഘവേന്ദ്രഭട്ട് വിഷയാവതരണം നടത്തി. സംസ്ഥാന സ ്കൂൾ കരിക്കുലം കമ്മറ്റി അംഗം പ്രൊഫ.വി. മാധവൻപിള്ള മോഡറേറ്ററായിരുന്നു. ഡോ.കെ. വിശ്വനാഥൻ, ഡോ.ഹരികൃഷ്ണ ശർമ്മ, ഹരിപ്രസാദ് കടമ്പൂർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ജയകുമാര ശർമ്മ സ്വാഗതവും ആർ.രമേശ് ബാബു നന്ദിയും പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: സെമിനാർ:-*** തിരുവല്ല വി.ജി.എം ഹാളിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ദേശീയ സംസ്കൃത സെമിനാർ ആന്റോ ആന്റണി എം.പി ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 309/2020)

## ലബോറട്ടറി ടെക്നീഷ്യൻ  അഭിമുഖം 22 ന്

പത്തനംതിട്ട ജില്ലയിലെ ആരോഗ്യ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് ര ് (1 എൻ.സി.എ- എസ്.ഐ.യു.സി നാടാർ) (കാറ്റഗറി 458/2017) തസ്തികയുടെ ചുരുക്കപട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്കായി ഈ മാസം 22 ന് തിരുവനന്തപുരം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഓഫീസിൽ അഭിമുഖം നടത്തും. അഭിമുഖത്തിന് ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർഥികൾക്കു മെമ്മോ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടു ്. കൂടുതൽ വിവരങ്ങൾക്ക് പത്തനംതിട്ട ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0468 2222665.

(പിഎൻപി 310/2020)

## ജീവനി പദ്ധതി – പുല്ലാട് ബ്ലോക്ക്തല ഉദ്ഘാടനം

വിഷവിമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 'ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം'എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പാക്കുകയാണ്. ഇതിന്റെ ഭാഗമായി ജീവനി പദ്ധതി – പുല്ലാട് ബ്ലോക്ക്തല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രതിപക്ഷ നേതാവ് അഡ്വ. രാജീവ് കുമാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവിയുടെ വസതിയിൽ തൈ നട്ട് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടകന് ഗ്രോബാഗും പച്ചക്കറി വിത്തും അടങ്ങിയ ഉപഹാരം കോയിപ്രം കൃഷി ഭവൻ നൽകി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ആർ. കൃഷ്ണകുമാർ , കോയിപ്രം പഞ്ചായത്ത് പ്രസിഡന്റ് മോൻസി കിഴക്കേടത്ത് , വാർഡ് മെമ്പർ അഡ്വ. ജെസ്സി ഷാജൻ എന്നിവരും തൈകൾ നട്ടു. കാർഷിക വികസന കർഷക ക്ഷേമവകുപ്പിലെ ഉദ്യോഗസ്ഥരായ സൂസൻ വർഗീസ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ബ്ലസി മറിയം, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ജോർജി കെ. വർഗീസ് , അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ എലിസബത്ത് തമ്പാൻ , കൃഷി അസിസ്റ്റന്റ് ഡയറക്ടർ സി.അമ്പിളി , കൃഷി അസിസ്റ്റന്റ് ഡയറക്ടർ പുല്ലാട് കെ.വി ബിനോയ്, കൃഷി ഓഫീസർ കോയിപ്രം എന്നിവരും ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ വിവിധ രാഷ്ട്രീയ നേതാക്കളും ചടങ്ങിൽ സംബന്ധിച്ചു.

(പിഎൻപി 311/2020)

## ടാലന്റ് സേർച്ച് സ്കോളർഷിപ്പ് ; മത്സരപരീക്ഷ

പട്ടിക വർഗ വികസന വകുപ്പിന്റെ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കീം പ്രകാരമുള്ള സകോളർഷിപ്പിന് പട്ടികവർഗ വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നു. നാലാം ക്ലാസിൽ പഠനം നടത്തുന്ന പത്തനംതിട്ട ജില്ലയിലെ പട്ടികവർഗ വിദ്യാർഥികൾക്ക് മാർച്ച് ഏഴിന് ഉച്ചകഴിഞ്ഞ് ര ു മുതൽ നാലുവരെ മത്സര പരീക്ഷ നടത്തും.

ജില്ലയിലെ പട്ടികവർഗ വിഭാഗത്തിൽപെടുന്നവരും കുടുംബവാർഷിക വരുമാനം 50,000 രൂപയിൽ കവിയാത്തവരുമായ വിദ്യാർഥികൾക്ക് മത്സര പരീക്ഷയിൽ പങ്കെടുക്കാം.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഠനോപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനും പ്രത്യേക ട്യൂഷൻ നൽകുന്നതിനും ധനസഹായം നൽകും. ഇവയ്ക്ക് പുറമേ 10–ാം ക്ലാസ് വരെയുള്ള പഠനത്തിന് പ്രതിമാസ സ്റ്റൈപ്പന്റും ലഭിക്കും. പരീക്ഷയിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന പട്ടികവർഗ വിദ്യാർഥികൾ പേര്, രക്ഷിതാവിന്റെ പേര്, മേൽവിലാസം, സമുദായം, കുടുംബ വാർഷിക വരുമാനം, വയസ്, ആൺകുട്ടിയോ പെൺകുട്ടിയോ, പഠിക്കുന്ന ക്ലാസും, സ്കൂളിന്റെ പേരും വിലാസവും, അപേക്ഷകന്റെ ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷ സ്കൂൾ മേധാവിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം റാന്നി തോട്ടമൺ എസ്.ബി.ഐയ്ക്ക് സമീപം പ്രവർത്തിക്കുന്ന റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ലഭ്യമാക്കണം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി അഞ്ച്. കൂടുതൽ വിവരങ്ങൾക്ക് 04735 227703 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പിഎൻപി 312/2020)

## സ്പോർട്സ് സ്കൂൾ പ്രവേശനം; സെലക്ഷൻ ട്രയൽ

തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 2020–21 വർഷത്തെ അഞ്ച്, ഏഴ്, എട്ട്, ഒൻപത്,

പ്ലസ് വൺ ക്ലാസ് പ്രവേശനത്തിനായി പത്തനംതിട്ട ജില്ലയിൽ നിന്നുള്ള പട്ടികജാതി വിഭാഗത്തിലുള്ള കായിക പ്രതിഭകളായ വിദ്യർഥികൾക്കായി 29 ന് രാവിലെ 9.30 ന് പത്തനംതിട്ട മുനിസിപ്പൽ സ്റ്റേഡിയത്തിൽ സെലക്ഷൻ ട്രയൽ നടത്തും. അഞ്ചാം ക്ലാസിലേക്കു പ്രവേശനത്തിനായി നിലവിൽ നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടികളും പ്ലസ് വൺ ക്ലാസിലേക്കു നിലവിൽ 10-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളും സ്കൂൾ മേധാവിയുടെ കത്ത്, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, ജാതി, ജനന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം നിശ്ചിത സമയത്ത് എത്തിചേരണം. അഞ്ച്, ഏഴ് ക്ലാസിലേക്കു പ്രവേശനം ഫിസിക്കൽ ടെസ്റ്റിന്റെ അടിസ്ഥാനത്തിലും എട്ട്, ഒൻപത് ക്ലാസിലേക്കു പ്രവേശനം ജില്ലാ തലത്തിലെങ്കിലും ഏതെങ്കിലും സ്പോർട്സ് ഇനത്തിൽ പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റിന്റെയും സ്കിൽ ടെസ്റ്റിന്റെയും അടിസ്ഥാനത്തിലാണു നടത്തുക. ഫോൺ : 04735 227703.

(പിഎൻപി 313/2020)

## ഉജ്ജ്വല ബാല്യം പുരസ്കാരം അപേക്ഷ ക്ഷണിച്ചു

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ ഏറ്റവും മികവാർന്ന കഴിവ് തെളിയിച്ചിട്ടുള്ള അഞ്ചു വയസിനും 18 വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളിൽ നിന്ന് (ഭിന്നശേഷിക്കാർ ഉൾപ്പെടെ) ഉജ്ജ്വല ബാല്യം പുരസ് കാരത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 15. പുരസ്കാരത്തിനുള്ള അപേക്ഷകൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് , മൂന്നാം നില ,മിനി സിവിൽ സ്റ്റേഷൻ , കച്ചേരിപ്പടി , ആറന്മുള 689 533 നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് -0468 2319998.

(പിഎൻപി 314/2020)

## പ്രവാസി പരാതി പരിഹാര കമ്മിറ്റി യോഗം 24 ന്

പ്രവാസികളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനു ജില്ലാ കളക്ടർ ചെയർമാനായും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായും പത്തനംതിട്ട ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടു ്. ഈ കമ്മിറ്റിയുടെ എട്ടാമത് യോഗം ഈ മാസം 24 ന് രാവിലെ 11.30 ന് പത്തനംതിട്ട അഡീഷണൽ ജില്ലാ മ ജിസ്ട്രേറ്റിന്റെ ചേംബറിൽ കൂടുന്നതിന് തീരുമാനിച്ചിട്ടു ്. പ്രവാസികൾക്ക് പരിഹരിക്കപ്പെടാതെ കിടക്കുന്ന പരാതികൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന കമ്മിറ്റിയിൽ സമർപ്പിക്കാം. ആയതിനുള്ള പരാതികൾ നേരിട്ടും ddppathanamthitta@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി സമർപ്പിക്കാം. ഫോൺ : 0468 2222561.

(പിഎൻപി 315/2020)

## ശബരിമല: ഇന്ന് (19) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോട് അനുബന്ധിച്ച് ഇന്ന് (19) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ:- ബിലീവേഴ്സ് ചർച്ച് മെഡിക്കൽ സെന്റർ കോന്നി, അക്ഷരാ കമ്മ്യൂണിറ്റി ഫാർമസി വെട്ടിപ്പുറം പത്തനംതിട്ട, പൊയ്യാനിയിൽ ഹോസ്പിറ്റൽ കോഴഞ്ചേരി,

വെസ്റ്റേൺ മെഡിക്കൽസ് അടൂർ, ക്രിസ്ത്യൻ മിഷൻ ഹോസ്പിറ്റൽ പന്തളം, കെ.റ്റി ജോർജ് ആൻഡ് സൺസ് തിരുവല്ല, മെഡ് ഫാർമ റാന്നി ഇട്ടിയപ്പാറ, ഗ്രേസ് മെഡിക്കൽസ് വടശേരിക്കര.

(പിഎൻപി 316/2020)




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 18<br>January 18 | 2020 |
|---|---|

**1193 മകരം 4 ശനി**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**218 കുടുംബങ്ങളുടെ ആഗ്രഹം പൂർത്തികരിച്ച്**
**പന്തളം നഗരസഭ: ആന്റോ ആന്റണി എം. പി**

ദീർഘകാലമായി കയറിക്കിടക്കാൻ ഒരു വീടെന്ന സ്വപ്നവുമായി കഴിഞ്ഞിരുന്ന 218 കുടുംബങ്ങളുടെ ആഗ്രഹമാണ് പന്തളം നഗരസഭ പൂർത്തീകരിച്ചതെന്ന് ആന്റോ ആന്റണി എം. പി. പന്തളം നഗരസഭാ ലൈഫ്, പി.എം.എ.വൈ.(ജി) ഭവന പദ്ധതിയിൽ വീട് നിർമാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ കുടുംബസംഗമത്തിൽ സെന്റ് തോമസ് പാരിഷ് ഹാളിൽനടന്ന അദാലത്തിന്റേയും താക്കോൽദാനത്തിന്റേയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രളയ സമയത്ത് ഒട്ടേറെ കഷ്ടത അനുഭവിച്ച ജനങ്ങളാണു പന്തളത്തുകാരെന്നും ഇതിൽ ഭവനരഹിതരായിരുന്ന 395 കുടുംബങ്ങൾക്കാണു ഭവനം എന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നതെന്നും എം.പി പറഞ്ഞു. പന്തളം നഗരസഭയുടെ നേതൃത്വത്തിൽ ലൈഫ് ഗുണഭോക്താവായ ടി. ശോഭനയ്ക്ക് താക്കോൽനൽകി താക്കോൽദാനത്തിന്റെ ഉദ്ഘാടനം എം.പി നിർവഹിച്ചു.

(പിഎൻപി 317/2020)

## ലൈഫ് ഗുണഭോക്താക്കൾക്ക് എല്ലാവിധ സഹായങ്ങളും നൽകും: ചിറ്റയം ഗോപകുമാർ എം.എൽ.എ

സംസ്ഥാനത്തൊട്ടാകെ ര ് ലക്ഷം വീടുകൾ ര ാംഘട്ട ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചെന്നും ഈ ഗുണഭോക്താക്കൾക്ക് എല്ലാ വിധ സഹായങ്ങളും നൽകുക എന്ന ലക്ഷ്യം മുന്നിൽക ാണ് സർക്കാർ ലൈഫ് കുടുംബസംഗമം സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചതെന്നും ചിറ്റയം ഗോപകുമാർ എം.എൽ.എ പറഞ്ഞു. ചേരിക്കലിൽ വസ്തുവില്ലാത്ത ഭവനരഹിതർക്കായി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുമെന്നും ജില്ലയിലെ ലൈഫ് പദ്ധതിപ്രകാരമുള്ള ആദ്യ ഫ്ളാറ്റ് സമുച്ചയമാകും ഇതെന്നും എം.എൽ.എ പറഞ്ഞു.

സെന്റ് തോമസ് പാരിഷ് ഹാളിൽ പന്തളം നഗരസഭയിലെ ലൈഫ് കുടുംബസംഗമത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു എം.എൽ.എ.

പന്തളം നഗരസഭാ അധ്യക്ഷ ടി.കെ സതി അധ്യക്ഷത വഹിച്ച യോഗത്തിൽ ആന്റോ ആന്റണി എം.പി കേരളോത്സവത്തിൽ പങ്കെടുത്ത കുട്ടികളെ പൊന്നാടയണിയിച്ചു. ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് മികച്ചപ്രവർത്തനം കാഴ്ചവച്ച ജിയോ ടാഗിംഗ് സർവേയർ ഹരികൃഷ്ണൻ, മുരളി കെ.വി, ജെയ്സൺ ബേബി എന്നിവർക്ക് ചടങ്ങിൽ മൊമന്റോയും നൽകി. ശുചിത്വമിഷന്റെ ഭാഗമായി തുണിസഞ്ചി വിതരണത്തിന്റെ ഉദ്ഘാടനവും ആന്റോ അന്റണി എം.പി നിർവഹിച്ചു.

നഗരസഭാ വൈസ് ചെയർമാൻ ആർ. ജയൻ, നഗരസഭാ സെക്രട്ടറി ജി.ബിനുജി, പന്തളം നഗരസഭാ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആനി ജോൺ തു ിൽ,

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാർ എ.രാമൻ, ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ രാധാ രാമചന്ദ്രൻ, മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഡി. രവീന്ദ്രൻ, വിദ്യാഭ്യാസ- കലാ കായികകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലസിത ടീച്ചർ, കൗൺസിലർമാരായ എൻ.ജി സുരേന്ദ്രൻ, കെ.ആർ വിജയകുമാർ, സുനിത വേണു, മഞ്ചു വിശ്വനാഥ്, ജി.അനിൽകുമാർ, വി.വി വിജയകുമാർ, കെ.ആർ രവി, സുധ ശശി, ടി.ആർ കൃഷ്ണവേണി, എം.ആർ ഹസീന, നൗഷാദ് റാവുത്തർ, ആർ. ശ്രീലേഖ, കെ.വി പ്രഭ, ധന്യ ഉദയ ചന്ദ്രൻ, എൽ.സതിയമ്മ, എം.ജി രമണൻ, അജിത കുമാരി, ജെ. ശ്രീകുമാരി, കെ.സീന, എസ്. ശ്രീലത, എസ്.സുമേഷ് കുമാർ, പന്തളം മഹേഷ്, അഡ്വ.കെ.എസ് ശിവകുമാർ, ലൈലാ ഷാഹുൽ, നിഷ ജോൺ, എ. ഷാ, മുൻ എം.എൽ.എ പി.കെ കുമാരൻ, വിവിധ രാഷ്ട്രീയ പാർടി പ്രതിനിധികളായ ഇ.ഫസൽ, കെ.പ്രതാപൻ, എസ്.രാജേന്ദ്രൻ, വി.സി സുഭാഷ് കുമാർ, മു യ്ക്കൽ ശ്രീകുമാർ, സാബു ഖാൻ, മുജീബ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സി.പി സുനിൽ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.വിധു, കുടുംബശ്രീ ചെയർപേഴ്സൺ എസ്.ശ്രീദേവി, പി.എം.എ.വൈ പന്തളം നഗരസഭാ എസ്.ഡി.എസ് ജെയ്സൺ ബേബി തുടങ്ങിയവർ പങ്കെടുത്തു

(പിഎൻപി 318/2020)

## വിവിധ സേവനങ്ങൾക്ക ലഭ്യമാക്കി പന്തളം നഗരസഭ
## ലൈഫ് കുടുംബ സംഗമം അദാലത്ത്

പന്തളം നഗരസഭയുടെ നേതൃത്വത്തിൽ നടത്തിയ ലൈഫ് കുടുംബ സംഗമത്തിലും അദാലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സിവിൽ സപ്ലൈസ് വകുപ്പ്, കൃഷി വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, ഐ.ടി, ഫിഷറീസ്, വ്യവസായ വകുപ്പ്, പട്ടികജാതി/ പട്ടികവർഗ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, വനിതാ ശിശു വികസനം, ഗ്രാമവികസന വകുപ്പ്, ലീഡ് ബാങ്ക് ഉൾപ്പെടെയുള്ളവയുടെ സേവനങ്ങൾ ഒരുക്കിയിരുന്നു.

സിവിൽ സപ്ലൈസ് വകുപ്പ്, പുതിയ റേഷൻ കാർഡ്, റേഷൻ കാർഡിൽ പേര് ചേർക്കൽ, പേര് കുറയ്ക്കൽ, ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡ്, ഉടമസ്ഥാവകാശം മാറ്റൽ, പേര് തിരുത്തൽ, മേൽവിലാസം തിരുത്തൽ, കാർഡ് മറ്റൊരു താലൂക്കിലേക്കു മാറ്റുന്നത് അടക്കമുള്ള സേവനം ലഭ്യമാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദാലത്ത് കൗ റുകളിൽ വാർധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, ഭിന്നശേഷി പെൻഷൻ, തൊഴിൽരഹിത വേതനം തുടങ്ങിയവയുടെ അപേക്ഷ സ്വീകരിച്ച് തുടർനടപടി സ്വീകരിച്ചു.

സാമൂഹ്യനീതി വകുപ്പ് ഭിന്നശേഷിക്കാരുടേയും വയോജനക്ഷേമ പരിപാടികളുടേയും അപേക്ഷ സ്വീകരിക്കുന്നതിനു സൗകര്യമൊരുക്കി. കുടുംബശ്രീ സ്വയംതൊഴിൽ പദ്ധതി രജിസ്ട്രേഷൻ, ബോധവൽക്കരണം, സ്ത്രീകൾക്കു സ്വയം തൊഴിൽ ക ത്തുന്നതിനു ഹെൽപ്പ് ഡെസ്ക് ഉൾപ്പെടെയുള്ള സേവനങ്ങൾ ഒരുക്കി. അക്ഷയ കേന്ദ്രം ആധാറിലെ തെറ്റ് തിരുത്തുന്നത് ഉൾപ്പെടെയുള്ള സേവനം ഒരുക്കി. തൊഴിൽ ദായക പദ്ധതികളെക്കുറിച്ചു പരിചയപ്പെടുത്തൽ, നാനോ ഹൗസ്ഹോൾഡ് പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന സേവനം എന്നിവ വ്യവസായ വകുപ്പ് ലഭ്യമാക്കി. പട്ടികജാതി/പട്ടിക വർഗ വകുപ്പ് വിദ്യാർഥികൾക്കു സ്കിൽ ട്രെയിനിംഗ്, വനിതകൾക്കും സ്വയം തൊഴിൽ സഹായ സംഘങ്ങൾക്കും സബ്സിഡി ഉൾപ്പെടെയുള്ള സേവനങ്ങൾക്കു തുടർനടപടികൾ എന്നിവ സ്വീകരിച്ചു.

പശു വളർത്തലുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെക്കുറിച്ചു ബോധവൽക്കരണം, ക്ഷീരസംഘങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കു ലഭ്യമാകുന്ന ആനുകൂല്യങ്ങളെക്കുറിച്ചു ബോധവൽക്കരണം ഉൾപ്പെടെയുള്ള സേവനങ്ങൾ ക്ഷീരവികസന വകുപ്പ് ലഭ്യമാക്കി. ആരോഗ്യ വകുപ്പ് കുടുംബസംഗമത്തിൽ പങ്കെടുക്കുന്നവർക്കായി സൗജന്യ വൈദ്യ പരിശോധന ഉൾപ്പെടെയുള്ള സേവനങ്ങൾ ഒരുക്കി. ഗ്രാമവികസന വകുപ്പ്, വനിതാ ശിശു വികസനം തുടങ്ങിയ വകുപ്പുകളുടെ സേവനങ്ങളും അദാലത്തിൽ ലഭ്യമാക്കി.

(പിഎൻപി 319/2020)

## വീടായി ഇനി കൃഷി ചെയ്യാം

പന്തളം നഗരസഭ ലൈഫ് - പി.എം.എ.വൈ കുടുംബ സംഗമത്തിൽ സൗജന്യമായി പച്ചക്കറി തൈകൾ നല്കി കൃഷി വകുപ്പ്. ലൈഫ് ഗുണഭോക്താക്കൾക്കാണു കുടുംബ സംഗമത്തോടൊപ്പം നടന്ന അദാലത്തിൽ പന്തളം തോന്നല്ലൂർ കൃഷി ഭവൻ സൗജന്യമായി തൈകൾ നല്കിയത്. പയർ, ചീര, വഴുതന, പച്ചമുളക് തുടങ്ങിയവയുടെ തൈകളാണു വിതരണം ചെയ്തത്. നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം എന്ന ആപ്തവാക്യത്തോടെ കൃഷി

വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന 'ജീവനി' പദ്ധതിയുടെ ഭാഗമായിട്ടാണു കൃഷി വകുപ്പ് സൗജന്യ തൈ വിതരണം നടത്തിയത്.

(പിഎൻപി 320/2020)

***ഫോട്ടോ അടിക്കുറിപ്പ്: പന്തളം ലൈഫ് 1:-*** സെന്റ് തോമസ് പാരിഷ് ഹാളിൽ പന്തളം നഗരസഭയിലെ ലൈഫ് കുടുംബസംഗമത്തിന്റെ ഉദ്ഘാടനം ചിറ്റയം ഗോപകുമാർ എം.എൽ.എ നിർവഹിക്കുന്നു.

***പന്തളം ലൈഫ് 2:-*** സെന്റ് തോമസ് പാരിഷ് ഹാളിൽ പന്തളം നഗരസഭയിലെ ലൈഫ് കുടുംബസംഗമത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് ചിറ്റയം ഗോപകുമാർ എം.എൽ.എ സംസാരിക്കുന്നു.

***പന്തളം:-*** പന്തളം നഗരസഭാ ലൈഫ് കുടുംബസംഗമത്തോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ വീട് നിർമ്മാണം പൂർത്തിയാക്കി ടി. ശോഭനയ്ക്ക് ആന്റോ ആന്റണി എം.പി താക്കോൽ കൈമാറുന്നു.

***പന്തളം ലൈഫ് 3:-*** പന്തളം നഗരസഭാ ലൈഫ് കുടുംബസംഗമത്തോട് അനുബന്ധിച്ച് നടന്ന സൗജന്യ തൈ വിതരണം.

***പന്തളം ലൈഫ് 4:-*** പന്തളം നഗരസഭാ ലൈഫ് കുടുംബസംഗമത്തോട് അനുബന്ധിച്ച് നടന്ന സൗജന്യ തുണി സഞ്ചി വിതരണം.

## താലൂക്ക്തല അദാലത്തിലെത്തുന്ന എല്ലാ പരാതികളും സമയബന്ധിതമായി പരിഹരിക്കും: ജില്ലാ കളക്ടർ

താലൂക്ക്തല അദാലത്തിലെത്തുന്ന എല്ലാ പരാതികളും സമയബന്ധിതമായി പരിഹരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. കോഴഞ്ചേരി താലൂക്ക്തല പരാതി പരിഹാര അദാലത്ത് പത്തനംതിട്ട ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അദാലത്ത് മാനദണ്ഡങ്ങൾ പാലിച്ച് ശാശ്വത പരിഹാരം കാണുവാൻ എല്ലാ ഉദ്യോഗസ്ഥരും ശ്രമിക്കണമെന്നും അതിനായി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഊർജിതമായ ഇടപെടലുകൾ ഉ ാകണമെന്നും അദ്ദേഹം പറഞ്ഞു.

അദാലത്തിൽ ജനുവരി മൂന്നു വരെ ലഭിച്ച 97 പരാതികളും പരിഹരിച്ചു. പുതുതായി ലഭിച്ച 93 പരാതികളിൽ 71 പരാതികൾ പരിഹരിച്ചു. 22 പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾ, സർവെ സംബന്ധിച്ച പരാതികൾ, റേഷൻ കാർഡ് സംബന്ധിച്ച പരാതികൾ, സ്റ്റാട്യൂട്ടറി പരിഹാരം ലഭിക്കേ പരാതികൾ എന്നിവ ഒഴിച്ചുള്ളവയാണ് അദാലത്തിൽ പരിഗണിക്കുന്നത്.

ആർ.ആർ ഡെപ്യൂട്ടി കളക്ടർ ജെസിക്കുട്ടി മാത്യു അധ്യക്ഷത വഹിച്ച ചടങ്ങിൽ അടൂർ ആർഡിഒ:പി.ടി എബ്രഹാം,എഡിഎം: അലക്സ് പി തോമസ്, കോഴഞ്ചേരി തഹസിൽദാർ കെ.ഓമനക്കുട്ടൻ, എൽ.ആർ തഹസിൽദാർ വി.എസ് വിജയൻ, ഡെപ്യൂട്ടി തഹസിൽദാർമാരായ സി.ഗംഗാധരൻ തമ്പി, കെ.ജയദീപ്, സാം പി തോമസ്, വിവിധ വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 321/2020)

***ഫോട്ടോ അടിക്കുറിപ്പ്: അദാലത്ത്:-*** പത്തനംതിട്ട ടൗൺ ഹാളിൽ കോഴഞ്ചേരി താലൂക്ക്തല പരാതി പരിഹാര അദാലത്തിൽ ജില്ലാ കളക്ടർ പി.ബി നൂഹ് പരാതികൾ സ്വീകരിക്കുന്നു.

***അദാലത്ത് 3:-*** പത്തനംതിട്ട ടൗൺ ഹാളിൽ കോഴഞ്ചേരി താലൂക്ക്തല പരാതി പരിഹാര അദാലത്ത് ജില്ലാ കളക്ടർ പി.ബി നൂഹ് ഉദ്ഘാടനം ചെയ്യുന്നു.

## തൊഴിലുറപ്പ്: പന്തളം ബ്ലോക്കിൽ കില ഇറ്റിസി പരിശീലനം നാളെയും മറ്റന്നാളും (20, 21)

കൊട്ടാരക്കര കില ഇറ്റിസി നേതൃത്വത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് ഓഫ് കാമ്പസ് പരിശീലനം പന്തളം ബ്ലോക്കിൽ നാളെയും മറ്റന്നാളും (ജനുവരി 20, 21 ) നടത്തും. കില ഇറ്റിസിയുടെ 'മാറിയ തൊഴിലുറപ്പും മാറേ ജോലികളും' എന്ന പരിശീലന പരമ്പരയുടെ ഭാഗമായാണു പരിശീലനം. 20ന് പന്തളം തെക്കേക്കര, തുമ്പമൺ, മെഴുവേലി പഞ്ചായത്തുകൾക്കും 21 ന് കുളനട, ആറൻമുള പഞ്ചായത്തുകൾക്കുമാണു പരിശീലനം.

ബ്ലോക്കിലെയും ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെയും തെരഞ്ഞെടുത്ത ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മേറ്റുമാർ എന്നിവർക്കാണു പരിശീലനം. തൊഴിലുറപ്പ് പദ്ധതിയിലെ മാറ്റങ്ങൾ, ഫീൽഡ് തല പ്രശ്നങ്ങൾ, പരിഹാരങ്ങൾ, സംശയങ്ങൾക്കു മറുപടി, മേറ്റുമാരുടെ ചുമതലകൾ, തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് ഏറ്റെടുക്കാൻ കഴിയുന്ന വിവിധ ആസ്തി വികസന പ്രവൃത്തികൾ എന്നിവ പരിശീലനത്തിൽ വിശദീകരിക്കുമെന്നു കില ഇറ്റിസി പ്രിൻസിപ്പൽ ജി.കൃഷ്ണകുമാർ അറിയിച്ചു. നാളെ(20) രാവിലെ 10 മണിക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രേഖാ അനിൽ പരിശീലനം ഉദ്ഘാടനം ചെയ്യും.

(പിഎൻപി 322/2020)




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ജനുവരി 18**

**January 18**

**2020**

**1193 മകരം 4 ശനി**

## പത്രക്കുറിപ്പ് -3



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**തിരുത്തിയ വാർത്ത... ആദ്യ ഫയലിൽ അയച്ച വാർത്തയ്ക്ക് പകരം ഈ വാർത്ത ഉപയോഗിക്കാൻ താൽപര്യം**

**- - - - - - - - - - - - - - - - - - - - - - - - - - - - - - -**

**ലൈഫ് മിഷൻ കുടുംബസംഗമം ജില്ലാതല ഉദ്ഘാടനവും**
**വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും നാളെ(20)**

**4000 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം മന്ത്രി കെ.രാജു നടത്തും**

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് മിഷന്റെ ഒന്നും ര   ും ഘട്ടത്തിന്റ ഭാഗമായി പൂർത്തീകരിച്ച വീടുകളുടെ പ്രഖ്യാപനവും ഗുണഭോക്തൃ പ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും സംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനം നാളെ(20) നടക്കും. പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ 12ന് നടക്കുന്ന ചടങ്ങിൽ ജില്ലാതല ഉദ്ഘാടനവും വീടുകളുടെ പൂർത്തികരണ പ്രഖ്യാപനവും വനം-ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ കെ.രാജു നിർവഹിക്കും.

കെ.യു ജനീഷ് കുമാർ എം.എൽ.എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും.

ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി സ്വാഗതം ആശംസിക്കുകയും ജില്ലാ കളക്ടർ പി.ബി.നൂഹ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്യും. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഡുകളിൽ നിന്നും ഓരോ ഗുണഭോക്താവ് വീതവും മുഴുവൻ ജനപ്രതിനിധികളും സംഗമത്തിൽ സംബന്ധിക്കും. കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരും ലൈഫ് മിഷൻ നിർവഹണ ഉദ്യാഗസ്ഥരും വിവിധ സേവനവകുപ്പ് ജീവനക്കാരും പങ്കെടുക്കും.

ചടങ്ങിൽ ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള പുരസ്കാരം മാത്യു.ടി .തോമസ് എം.എൽ.എ നൽകും. ലൈഫ് മിഷൻ ര ാം ഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള പുരസ്കാരം രാജു.ഏബ്രഹാം എം.എൽ.എ നൽകും. ലൈഫ് പദ്ധതി ഒന്നാംഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാര സമർപ്പണം ചിറ്റയം ഗോപകുമാർ എം.എൽ.എ നിർവഹിക്കും. മികച്ച സേവനം കാഴ്ചവച്ച നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പുരസ്കാര സമർപ്പണം വീണാജോർജ് എം.എൽ.എ നിർവഹിക്കും. മികച്ച പ്രകടനം കാഴ്ചവച്ച നഗരസഭയ്ക്കുള്ള പുരസ്കാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് യു.വി ജോസ് നൽകും. കുടുംബശ്രീയുടെ രംഗശ്രീ പ്രവർത്തകരുടെ നാടകവും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഫോട്ടോ പ്രദർശനവും ഉ ാകും.

ജില്ലാതലസംഗമത്തിന് മുന്നോടിയായി എട്ട് ബ്ലോക്കുകളും നാലു നഗരസഭകളും കേന്ദ്രീകരിച്ച് വിപുലമായ കുടുംബസംഗമവും സേവനവകുപ്പുകളുടെ നേതൃത്വത്തിൽ അദാലത്തുകളും നടത്തി.

ലൈഫ് മിഷന്റെ ഒന്നാംഘട്ടമായി ജില്ലയിലെ 1188 വീടുകൾ പൂർത്തീകരിക്കാനുള്ളതിൽ 1169 വീടുകൾ പൂർത്തീകരിച്ചു. (98.4% ) പത്തനംതിട്ട ജില്ല സംസ്ഥാനതലത്തിൽ ര ാം സ്ഥാനത്താണ്. ലൈഫ് മിഷൻ ര ാം ഘട്ടമായി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന പദ്ധതിയാണ് ഏറ്റെടുത്തത്. 1905 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 1551 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ജില്ല 78% നേട്ടത്തോടെ സംസ്ഥാനത്ത് ര ാം സ്ഥാനത്താണ്. നഗരസഭകൾ മുഖേന നടപ്പിലാക്കുന്ന പി.എം.എ.വൈ – ലൈഫ് പദ്ധതിയിലൂടെ 670 വീടുകൾ പൂർത്തീകരിച്ചു. ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന പി.എം.എ.വൈ – ലൈഫ് (ഗ്രാമീൺ) പദ്ധതിയിലൂടെ 619 വീടുകൾ പൂർത്തീകരിച്ചു. മേൽക്കൂര വാർത്തുകഴിഞ്ഞ ആയിരത്തോളം വീടുകൾ ജനുവരി 31നകം പൂർത്തീകരിക്കും.

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂമിയും വീടും ഇല്ലാത്തവരുടെ പുനരധിവാസമാണു നടപ്പാക്കുന്നത്. ജില്ലയിൽ ഇപ്രകാരം 2110 ഗുണഭോക്താക്കളെ കെ ത്തിയിട്ടു ്. ആധുനിക രീതിയിലുള്ള ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഇവരെ പുനരധിവസിപ്പിക്കുവാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായി നിർമ്മിക്കുന്ന 14 ഭവന സമുച്ചയങ്ങളിൽ ഒന്ന് പന്തളം നഗരസഭയിലാണ്. ആറു കോടിരൂപയിലധികം ചെലവുവരുന്ന ഈ സമുച്ചയത്തിന്റെ ടെ ർനടപടികൾ പൂർത്തീകരിച്ചു. ശിലാസ്ഥാപനം ഉടൻതന്നെ നടത്തും. ഏഴംകുളം, കടമ്പനാട്, മെഴുവേലി എന്നിവിടങ്ങളിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാരിന്റെ ഭരണാനുമതി ലഭിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതു കൂടാതെ കല്ലട ഇറിഗേഷൻ പ്രോജക്ടുകളുടെ 9 സ്ഥലങ്ങളും പമ്പാ ഇറിഗേഷൻ പ്രോജക്ടുകളുടെ 6 സ്ഥലങ്ങളും റവന്യൂ വകുപ്പ് വക 9 സ്ഥലങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ ഏക സ്ഥലവും പൊതുമരാമത്ത് വകുപ്പ് വക ര ് സ്ഥലങ്ങളും കൂടി ഭവന സമുച്ചയത്തിനായി കെ ത്തിയിട്ടു ന്ന് ലൈഫ് ജില്ലാ മിഷൻ ചെയർപേഴ്സൺ കൂടിയായ ജില്ലാ പഞ്ചായത്ത് അന്നപൂർണാ ദേവി അറിയിച്ചു.

## നിയമത്തിന്റെ കുരുക്കുകൾ അഴിച്ച്...
## ജില്ലാ കളക്ടറുടെ പരാതിപരിഹാര അദാലത്ത്

നിയമത്തിന്റെ കുരുക്കുകൾ അഴിച്ച് ജില്ലാ കളക്ടർ പി.ബി.നൂഹിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരാതി പരിഹാര അദാലത്ത് നൂറുകണക്കിന് ആളുകൾക്ക് ആശ്വാസമേകി. കാലങ്ങളായി വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകൾ കയറി ഇറങ്ങി മടുത്ത അനേകം പേരുടെ ബുദ്ധിമുട്ടുകൾക്കു പരിഹാരം കാണുന്നതിനായാണ് വിവിധ വകുപ്പുകളെ ഒരു കുടക്കീഴിൽ അണിനിരത്തി ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ കോഴഞ്ചേരി താലൂക്ക്തല അദാലത്ത് ടൗൺഹാളിൽ സംഘടിപ്പിച്ചത്.

വീട്, കുടിവെള്ളം, വസ്തു, വഴി, പെൻഷൻ തുടങ്ങി നിരവധി ആവശ്യങ്ങളുമായി അദാലത്തിൽ എത്തിയവരെല്ലാം തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടിയതിന്റെ സംതൃപ്തിയിലാണു മടങ്ങിയത്. ഓരോ പരാതികളും സശ്രദ്ധം കേട്ട് നിയമത്തിന്റെ അനുകൂല്യങ്ങൾ ശാന്തമായി പരാതിക്കാർക്കും, ഉദ്യോഗസ്ഥർക്കും ബോധ്യപ്പെടുത്തി. നിയമം പൊതുജനങ്ങൾക്ക് ഉപകരിക്കുന്ന തരത്തിൽ പ്രയോജനപ്പെടുത്തണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയ കളക്ടർ എല്ലാ സംശയങ്ങളും ദൂരീകരിച്ചതിനു ശേഷമാണു പരാതിക്കാരെ അദാലത്തിൽ നിന്നും തിരിച്ചയച്ചത്.

സർവീസ് സഹകരണസംഘത്തിൽ നിന്നും ലോണെടുത്ത് ജപ്തി ഭീഷണി നേരിടുന്ന ഓമല്ലൂർ കപ്പമാവുനിൽക്കുന്നതിൽ പൊടിയമ്മയും അദാലത്തിൽ എത്തിയിരുന്നു. പലിശ ഒഴിവാക്കി മുതൽ തുക പല തവണകളായി അടയ്ക്കുന്നതിനും സഹകരണ ബാങ്കിനു നിർദ്ദേശം നൽകി പരാതി പരിഹരിച്ചു. ഒരേ ആധാർ കാർഡ് ഉപയോഗിച്ച് ര ു വാർദ്ധക്യ കാല പെൻഷൻ കൈപ്പറ്റിയതിന്റെ പേരിൽ പെൻഷൻ തടഞ്ഞുവച്ച ആറന്മുള സ്വദേശിനിയുടെ പരാതിയിൽ അധികമായി വാങ്ങിയ ഒരു പെൻഷൻതുക തിരിച്ചടയ്ക്കുന്ന മുറയ്ക്ക് പെൻഷൻ വീ ും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു തീരുമാനമായി. ആധാർ ലിങ്ക് ചെയ്ത സന്ദർഭത്തിലാണു ര ു പെൻഷൻ വാങ്ങുന്നതു ശ്രദ്ധയിൽപ്പെട്ടത്.

പത്തനംതിട്ട നഗരസഭയിലെ 23-ാം വാർഡിൽ സ്വകാര്യ വ്യക്തി മാനദണ്ഡങ്ങൾ പാലിക്കാതെ അതിഥി സംസ്ഥാന തൊഴിലാളികളെ താമസിപ്പിച്ചിരിക്കുന്ന വാടകവീടിനോടു ചേർന്ന് സെപ്റ്റിക് ടാങ്ക് നിർമ്മിച്ചതായും ഇത് സമീപമുള്ള കിണറിന് മാലിന്യപ്രശ്നമു ാക്കുന്നതായും, മാലിന്യങ്ങൾ ഓടയിലേക്ക് തള്ളിവിടുന്നതായും അയൽവാസി പരാതി നൽകുകയു ായി. വീട്ടുടമയ്ക്ക് താമസിക്കുന്നതിന് മറ്റൊരു വീടുള്ള സാഹചര്യത്തിൽ, വാടകവീട്ടിൽ താമസിക്കുന്ന അതിഥി സംസ്ഥാന തൊഴിലാളികളെ പൂർണ്ണമായി ഒഴിവാക്കുന്നതിനും മറ്റു തുടർനടപടികൾക്കുമായി നഗരസഭ സെക്രട്ടറിക്ക് കളക്ടർ നിർദ്ദേശം നൽകി.

പത്തനംതിട്ട നഗരസഭയുടെ പരിധിയിൽ വരുന്ന മൈലാടുപാറ ഗുരുമന്ദിരം-മേപ്രത്തുമുരുപ്പേൽ റോഡ് തകർന്ന നിലയിലാണെന്നും,ജല അതോറിറ്റിയുടെ പൈപ്പിന്റെ ടാപ്പ് വളരെ അകലെ സ്ഥാപിച്ചിട്ടുള്ളതിനാൽ കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നും വ്യക്തമാക്കി ഭിന്നശേഷിക്കാരനായ യുവാവ് പരാതിയുമായി അദാലത്തിനെത്തി. ഈ പരാതിയിൽ റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായി നഗരസഭ സെക്രട്ടി അറിയിച്ചു. നഗരസഭ ഇതിന്റെ നടപടികൾ വേഗത്തിലാക്കുന്നതിനും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പരാതിക്കാരന്റെ വീടിനു സമീപം മറ്റൊരു ടാപ്പ് കൂടി സ്ഥാപിക്കുന്നതിനും ജില്ലാ കളക്ടർ ജല അതോറിറ്റിക്കും നിർദ്ദേശം നൽകി.

(പിഎൻപി 323/2020)

## എൻ.സി.വി.ടി. സപ്ലിമെൻററി പരീക്ഷ; അപേക്ഷാ ക്ഷണിച്ചു

ഗവ. ഐ.ടി.ഐ (വനിത) മെഴുവേലിയിൽ 2018 ആഗസ്റ്റ് സെഷനിൽ അഡ്മിഷൻ നേടിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2019 വാർഷിക സമ്പ്രദായത്തിൽ പരീക്ഷയെഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും 2020 ജനുവരിയിൽ നടക്കുന്ന എൻ.സി.വി.ടി. സപ്ലിമെൻററി പരീക്ഷകളിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫോമിൽ അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷാ ഫീസായ 170 രൂപ ഈ മാസം 23 നകം ഏതെങ്കിലും ട്രഷറിയിൽ അടയ്ക്കണം. പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ, അനുബന്ധരേഖകൾ സഹിതം അന്നേ ദിവസം മൂന്നു മണിക്കകം പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ 0468 2259952 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാം.

(പിഎൻപി 324/2020)

## അപേക്ഷകൾ സ്വീകരിക്കും

എ.ഐ.ടി.ടി ജൂലൈ 2019–ലെ എൻജിനീയറിങ് ഡ്രോയിങ് പരീക്ഷയിൽ റീ കൗ ിംഗ് വേണമെന്നുള്ള ട്രെയിനികൾ നിർദ്ദിഷ്ട ഫോറത്തിൽ ഈ മാസം 24 ന് മുൻപായി അപേക്ഷ സമർപ്പിക്കണം. പരാജയപ്പെട്ട പേപ്പർ റീ കൗ ് ചെയ്യുന്നതിന് 30 രൂപയാണ് ഫീസ്. '0230þL and E-00-800-OR-88OI' എന്ന ശീർഷകത്തിൽ ചലാൻ അടച്ച് അപേക്ഷകൾ ഈ മാസം 24ന് മൂന്നിനകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ചെന്നീർക്കര ഐ.ടി.ഐ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0468 2258710

(പിഎൻപി 325/2020)

## മസ്റ്ററിംഗ് 31നകം പൂർത്തിയാക്കണം

ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന മസ്റ്ററിംഗ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ഈ മാസം 31നകം മസ്റ്ററിംഗ് പൂർത്തിയാക്കേ താണെന്ന് ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 326/2020)

## ആയുർവേദ മെഡിക്കൽ ഓഫീസർ ഒഴിവ്

ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ അധികാര പരിധിയിലുള്ള വിവിധ ഗവൺമെന്റ് ആയുർവേദ ആശുപത്രി ഡിസ്പെൻസറികളിലും നിലവിലുള്ള ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവിലേക്ക് പ്രതിദിനം 1425 രൂപ നിരക്കിൽ (പ്രതിമാസ പരിധി 38475 രൂപ ) ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ബി.എ.എം.എസ് യോഗ്യതയും ടി.സി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവരും 50 വയസിൽ താഴെ പ്രായമുള്ളവരുമായിരിക്കണം. അപേക്ഷകർ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ് എന്നിവയുടെ അസലും

ആയതിന്റെ പകർപ്പും പാസ്പോർട്ട് സൈസിലുള്ള ഒരു ഫോട്ടോയും സഹിതം പത്തനംതിട്ട മേലേവെട്ടിപ്പുറത്ത് പ്രവർത്തിക്കുന്ന ഭാരതീയ ചികിത്സാ വകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസിൽ ഈ മാസം 24 ന് രാവിലെ 11 ന് നടത്തുന്ന കൂടിക്കാഴ്ചയിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഭാരതീയ ചികിത്സാ വകുപ്പ് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0468 2324337

(പിഎൻപി 327/2020)

## സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ; കൂടികാഴ്ച 21 ന്

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ നാഷണൽ ആയുഷ് മിഷൻ നടത്തുന്ന പദ്ധതിയിലേക്ക് സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തികയിൽ പദ്ധതി കാലയളവിലേയ്ക്ക് പ്രതിമാസം 41,850 രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് കൂടികാഴ്ച നടത്തും. ഉദ്യോഗാർത്ഥികൾ പ്രസൂതി പി.ജി വിജയിച്ചിട്ടുള്ളവരും 50 വയസിൽ താഴെ പ്രായമുള്ളവരുമാകണം. വിദ്യാഭ്യാസ യോഗ്യത, തിരിച്ചറിയൽ രേഖ എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസലും, സാക്ഷ്യപ്പെടുത്തിയ പകർപ്പും പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയും സഹിതം പത്തനംതിട്ട മേലേവെട്ടിപ്പുറത്ത് പ്രവർത്തിക്കുന്ന ഭാരതീയ ചികിത്സാ വകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസിൽ ഈ മാസം 21 ന്

രാവിലെ 10.30 ന് നടക്കുന്ന കൂടിക്കാഴ്ചയിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഭാരതീയ ചികിത്സാ വകുപ്പ് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0468 2324337.

(പിഎൻപി 328/2020)

## ഡ്രൈവിംഗ് പരിശീലനം; അപേക്ഷ ക്ഷണിച്ചു

ഐ.എം.സി യുടെ ആഭിമുഖ്യത്തിൽ ഗവ. ഐ.ടി.ഐ ചെന്നീർക്കരയിൽ തുടങ്ങുന്ന ഡ്രൈവിംഗ് പരിശീലന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് 0468 2258710, 9745424281.

(പിഎൻപി 329/2020)

## ടെൻഡർ ക്ഷണിച്ചു

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽപ്പെട്ട ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ട്രൈ സ്കൂട്ടർ വിതരണം (ജനറൽ) ചെയ്യുന്നതിന് താൽപ്പര്യമുള്ള വാഹന ഡീലർമാരിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ ബിഡ് ക്ലോസ് ചെയ്യുന്നത് ഈ മാസം 24 നും തുറക്കുന്ന തീയതി 27നും ആണെന്ന് പറക്കോട് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04734 217010 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പിഎൻപി 330/2020)

## ടെൻഡർ ക്ഷണിച്ചു

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽപ്പെട്ട ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം വിതരണം (ജനറൽ) ചെയ്യുന്നതിന് താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ ബിഡ് ക്ലോസ് ചെയ്യുന്നത് ഈ മാസം 24 നും തുറക്കുന്നത് 27നും ആണെന്ന് പറക്കോട് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് etenders.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

(പിഎൻപി 331/2020)

## ടെൻഡർ ക്ഷണിച്ചു

കോന്നി അഡീഷണൽ ശിശു വികസന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന 107 അങ്കണവാടികളിലേക്ക് പ്രീ -സ്കൂൾ എഡ്യുക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി നാല് ഉച്ചയ്ക്ക് 12.30 ന് മുൻപ്.കൂടുതൽ വിവരങ്ങൾക്ക് 0468 233037എന്ന നമ്പരിൽ ബന്ധപ്പെടുക.

(പിഎൻപി 332/2020)

## മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

പട്ടികജാതി പട്ടിക വർഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2020-21 വർഷത്തെ ആഞ്ചാം ക്ലാസ് പ്രവേശനത്തിനായി നാലാം ക്ലാസിൽ പഠിക്കുന്നതും ഇടുക്കി, പൂക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എം.ആർ.എസ് കളിൽ ആറാം ക്ലാസിലേക്ക് പ്രവേശനം നൽകുന്നതിനായി നിലവിൽ അഞ്ചാം ക്ലാസിൽ പഠനം നടത്തുന്നതുമായ പട്ടികജാതി / പട്ടിക വർഗ/ ജനറൽ വിഭാഗം വിദ്യാർഥികളുടെ രക്ഷിതാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ കൂടാൻ പാടില്ല.

അപേക്ഷ സമർപ്പിക്കേ അവസാന തീയതി ഫെബ്രുവരി 15 ന് വൈകിട്ട് അഞ്ച് വരെയാണ്. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയിൽ കുട്ടിയുടെ പേര്, രക്ഷിതാവിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ, സമുദായം, വാർഷികവരുമാനം എന്നിവ ഉൾപ്പെടുത്തേ തും പഠിക്കുന്ന ക്ലാസ്സ് സംബന്ധിച്ച് സ്കൂൾ അധികൃതരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേ തുമാണ്. അപേക്ഷകരിൽ നിന്നും അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മത്സര പരീക്ഷ മാർച്ച് ഏഴിന് നടത്തും.

പൂരിപ്പിച്ച അപേക്ഷകൾ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, തോട്ടമൺ റാന്നി അല്ലെങ്കിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, റാന്നി എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേ താണ്. കൂടുതൽ വിവരങ്ങൾക്ക് 04735 227703 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പിഎൻപി 333/2020)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.